**എ.വൈ.ആർ**

വാസ്തവത്തിൽ അവിഹിത വേഴ്ച വ്യക്തികളുടെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമേയല്ല; സ്വാതന്ത്ര്യത്തിന്റെ ഗുരുതരമായ ദുരുപയോഗത്തിന്റെ പ്രശ്നമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യത്തിനും ജീവന്നും ആപത്തണക്കുകയും സാമൂഹികബന്ധങ്ങൾ ശിഥിലീകരിക്കുകയും ധാർമിക സദാചാരമൂല്യങ്ങൾ തകർക്കുകയും ചെയ്യുന്ന ഒരു നടപടിക്കും വ്യക്തിസ്വാതന്ത്ര്യം ന്യായമാകുന്നില്ല.



ٱلزَّانِيَةُ وَٱلزَّانِى فَٱجْلِدُوا۟ كُلَّ وَٰحِدٍ مِّنْهُمَا مِا۟ئَةَ جَلْدَةٍ ۖ وَلَا تَأْخُذْكُم بِهِمَا
رَأْفَةٌ فِى دِينِ ٱللَّهِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۖ وَلْيَشْهَدْ عَذَابَهُمَا
طَآئِفَةٌ مِّنَ ٱلْمُؤْمِنِينَ ﴿٢﴾

**2.** വ്യഭിചാരിണിയും വ്യഭിചാരിയുമുണ്ടല്ലോ; അവരിൽ ഓരോരുത്തരെയും നൂറു വീതം പ്രഹരിക്കുവിൻ. ദൈവിക ദീനിന്റെ കാര്യത്തിൽ അവരോടുള്ള കനിവ് നിങ്ങളെ സ്വാധീനിക്കാതിരിക്കട്ടെ - നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ. അവരെ ശിക്ഷിക്കുന്നതിന് ഒരു പറ്റം സത്യവിശ്വാസികൾ സാക്ഷികളാവുകയും വേണം.

**2**

ٱلزَّانِيَةُ = വ്യഭിചാരിണി  وَٱلزَّانِى = വ്യഭിചാരിയും (ഉണ്ടല്ലോ)  فَٱجْلِدُوا۟ = നിങ്ങൾ പ്രഹരിക്കുവിൻ
كُلَّ وَٰحِدٍ مِّنْهُمَا = അവരിൽ എല്ലാ ഓരോരുത്തരെയും  مِا۟ئَةَ جَلْدَةٍ = നൂറു (വീതം) അടി
وَلَا تَأْخُذْكُم = നിങ്ങളെ ബാധിക്കാതിരിക്കട്ടെ, സ്വാധീനിക്കാതിരിക്കട്ടെ  بِهِمَا رَأْفَةٌ = രണ്ടു പേ(അവ)രോടുള്ള കനിവ്
فِى دِينِ ٱللَّهِ = ദൈവിക ദീനി(ന്റെ കാര്യത്തി)ൽ  إِن كُنتُمْ تُؤْمِنُونَ = നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ
بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ = അല്ലാഹുവിലും അന്ത്യനാളിലും  وَلْيَشْهَدْ = സാക്ഷികളാവുകയും വേണം
عَذَابَهُمَا = ആ രണ്ടു പേരുടെ ശിക്ഷക്ക് (അവരെ ശിക്ഷിക്കുന്നതിന്)  طَآئِفَةٌ = ഒരു പറ്റം
مِّنَ ٱلْمُؤْمِنِينَ = സത്യവിശ്വാസികളിൽനിന്നുള്ള

**ഈ** സൂറഃ പ്രഖ്യാപിക്കുന്ന ആദ്യത്തെ നിയമമാണിത്. വ്യഭിചാരികളോട് ആദ്യഘട്ടത്തിൽ സ്വീകരിക്കപ്പെട്ട സമീപനത്തെക്കുറിച്ച് സൂറ *അന്നിസാഅ്* 15-16 സൂക്തങ്ങളിൽ പറഞ്ഞിട്ടുണ്ട്:

وَٱلَّٰتِى يَأْتِينَ ٱلْفَٰحِشَةَ مِن نِّسَآئِكُمْ فَٱسْتَشْهِدُوا۟ عَلَيْهِنَّ أَرْبَعَةً
مِّنكُمْ ۖ فَإِن شَهِدُوا۟ فَأَمْسِكُوهُنَّ فِى ٱلْبُيُوتِ حَتَّىٰ يَتَوَفَّىٰهُنَّ ٱلْمَوْتُ
أَوْ يَجْعَلَ ٱللَّهُ لَهُنَّ سَبِيلًا ﴿١٥﴾ وَٱلَّذَانِ يَأْتِيَٰنِهَا مِنكُمْ فَـَٔاذُوهُمَا ۖ
فَإِن تَابَا وَأَصْلَحَا فَأَعْرِضُوا۟ عَنْهُمَآ ۗ إِنَّ ٱللَّهَ كَانَ تَوَّابًا رَّحِيمًا ﴿١٦﴾

(നിങ്ങളുടെ സ്ത്രീകളിൽ അനാശാസ്യത്തിലേർപ്പെടുന്നവർക്കെതിരെ നിങ്ങളിൽനിന്നുള്ള നാലു സാക്ഷികളെ ഹാജരാക്കണം. നാലു പേർ സാക്ഷികളായെങ്കിൽ ആ സ്ത്രീകളെ ആജീവനാന്തം അല്ലെങ്കിൽ അല്ലാഹു മറ്റൊരു വഴി നിർദേശിക്കുന്നതുവരെ വീടുകളിൽ പിടിച്ചുനിർത്തുക. ഈ കുറ്റത്തിലേർപ്പെടുന്ന രണ്ടു പേരെയും പീഡിപ്പിക്കേണ്ടതാകുന്നു. അതുമൂലം പശ്ചാത്തപിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്താൽ അവരെ വിട്ടയക്കണം. അല്ലാഹു ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യമരുളുന്നവനുമാണല്ലോ).

ജാഹിലിയ്യാ ജീവിതത്തിൽ സദാചാര മൂല്യങ്ങൾക്കോ

സംശുദ്ധമായ സ്ത്രീ പുരുഷ ബന്ധങ്ങൾക്കോ വലിയ പ്രാധാന്യമൊന്നും ഉണ്ടായിരുന്നില്ല. അവിഹിത വേഴ്ച മ്ലേഛമാണെന്ന പൊതുബോധം ഉണ്ടായിരുന്നുവെങ്കിലും പെട്ടെന്നൊരുനാൾ അതിനെതിരെ കൊടിയ ശിക്ഷ വിധിക്കുന്നത് അവർക്ക് ഉൾക്കൊള്ളാനാകുമായിരുന്നില്ല. അതുകൊണ്ട് മദ്യ നിരോധനത്തിലെന്ന പോലെ വ്യഭിചാര നിരോധനത്തിലും പടിപടിയായ ഒരു ക്രമം സ്വീകരിക്കുകയായിരുന്നു. അതിന്റെ തുടക്കമായിരുന്നു *അന്നിസാഇ*ലെ 15,16 സൂക്തങ്ങൾ. പിന്നീട് മറ്റൊരു നിയമം വരുമെന്ന് ഈ സൂക്തങ്ങൾ തന്നെ 'അല്ലാഹു മറ്റൊരു വഴി നിർദേശിക്കുന്നതു വരെ' എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നുണ്ട്. കൂടുതൽ വിശദീകരണം ഖുർആൻ ബോധനം സൂറഃ *അന്നിസാഅ്* 15,16 സൂക്തങ്ങൾക്ക് താഴെ കാണുക. സാധാരണ വിശ്വാസികൾ ഇസ്‌ലാമിക സദാചാരമൂല്യങ്ങളും ലൈംഗിക സംസ്കാരവും ഉദ്ദിഷ്ട നിലവാരത്തിൽ ഉൾക്കൊണ്ടുകഴിഞ്ഞ ശേഷം നൽകുന്ന അന്തിമ വിധിയാണ് പ്രകൃത സൂക്തം.

*അന്നിസാഅ്* 15,16 സൂക്തങ്ങളിൽ അവിഹിത ബന്ധങ്ങളെ അനാശാസ്യം, മ്ലേഛത എന്നർഥം വരുന്ന فَاحِشَة എന്ന പദം കൊണ്ടാണ് വ്യവഹരിച്ചിരിക്കുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്നത് വ്യഭിചാരത്തെ മാത്രം കുറിക്കുന്ന زِنَاء ആണ്. زِنَاء ന്റെ ക്രിയ زَنَي . അതിന്റെ കർതൃപദമാണ് زَانِي യും زَانِيَة ഉം. ചർമമാണ് جلد . ചാട്ടവാറിനും അതുകൊണ്ടുള്ള പ്രഹരത്തിനും جَلْدَة എന്നു പറയും. ചാട്ടവാറിന്റെ വാറ് അധികവും തുകൽ കൊണ്ടുള്ളതായിരിക്കുമെന്നതാകാം ഈ പ്രയോഗത്തിനാധാരം. പിന്നീട് ചരടുകെട്ടിയ വടിക്കും جَلْدَة ഉപയോഗിച്ചുവന്നു. جَلْدَة ൽനിന്നുള്ള ക്രിയയാണ് جَلَدَ അതിൽനിന്നുള്ള ബഹുവചന ശാസനാ ക്രിയയാണ് اجلدوا ചാട്ടവാറുകൊണ്ടുള്ള പ്രഹരം തൊലിയിൽ മാത്രം വേദനയുണ്ടാക്കുന്നതും ആന്തരാവയവങ്ങൾക്കും അസ്ഥികൾക്കും പരിക്കേൽപ്പിക്കാത്തതുമായതുകൊണ്ടാണ് അതിന് جَلْدَة എന്ന പദമുപയോഗിക്കുന്നത് എന്നും ചില ഭാഷാ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ദയയും ദാക്ഷിണ്യവുമാണ് رأفة . കൂട്ടായ്മയാണ് طائفة . മൂന്നോ നാലോ പേർ മാത്രമുള്ള ചെറിയ കൂട്ടത്തിനും طائفة ഉപയോഗിക്കും. രണ്ടുപേർ ചേർന്നാലും طائفة ആയി എന്നാണ് ഇമാം മാലികിന്റെ പ്രചുരമായ അഭിപ്രായം. നിയമ പ്രഖ്യാപനം എന്ന നിലയിൽ സൂക്തത്തിലെ زنا, جلدة, رأفة, طائفة തുടങ്ങിയ പദങ്ങളുടെ കൃത്യമായ അർഥം ഏറെ പ്രസക്തമാകുന്നു.

*അന്നിസാഇ*ൽ പരാമർശിച്ച, എല്ലാ സഭ്യേതര നടപടികളെയും ഉൾക്കൊള്ളുന്ന فاحشة നു പകരം ഇവിടെ زنا എന്ന് പരാമർശിച്ചത്, വ്യഭിചാരം അല്ലാത്ത സഭ്യേതര നടപടികളെ തുടർന്നു പറയുന്ന ശിക്ഷാ നടപടിയിൽനിന്നൊഴിവാക്കുന്നു. പരസ്പരം ലൈംഗിക ബന്ധം അനുവദിക്കപ്പെടാത്ത സ്ത്രീയും പുരുഷനും സംഭോഗത്തിലേർപ്പെടുകയാണ് زنا പുരുഷലിംഗം സ്ത്രീലിംഗത്തിൽ പ്രവേശിപ്പിച്ചുകൊണ്ടുള്ളതല്ലാത്ത രതിക്രീഡകൾ നിശ്ചിത ശിക്ഷ (ഹദ്ദ്) അർഹിക്കുന്ന വ്യഭിചാരമാവുകയില്ല. അത്തരം കുറ്റങ്ങൾക്ക് അധികൃതർക്ക് ഉചിതമായ മറ്റു ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്. വ്യഭിചാരം നടത്തുന്നത് സ്വന്തം ഇഷ്ടപ്രകാരവും ബോധപൂർവവുമായിരിക്കണം. ചിത്തഭ്രമത്താലോ അബോധാവസ്ഥയിലോ ബലാൽക്കാരത്തിനിരയായോ അവിഹിത വേഴ്ചയിലേർപ്പെടുന്നവർ ശിക്ഷാർഹരാകുന്നില്ല. എന്നാൽ പുരുഷൻ സ്ത്രീയെയോ സ്ത്രീ പുരുഷനെയോ ബലാൽക്കാരം ചെയ്താൽ ബലാൽക്കാരം ചെയ്ത കക്ഷി ശിക്ഷാർഹമാകുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികളും ഹദ്ദിന് അർഹരാകുന്നില്ല. തനിക്ക് അനുവദിക്കപ്പെട്ടവളെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് അന്യസ്ത്രീയെ ഭോഗിച്ചവനും അപ്രകാരം തന്നെ.

വ്യഭിചാരക്കുറ്റം സ്ഥിരപ്പെടാൻ ആ കൃത്യം നടക്കുന്നത് നേരിൽ കണ്ടതായി വിശ്വാസയോഗ്യരായ നാലു പേർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ടെന്ന് *അന്നിസാഅ്* 15ാം സൂക്തം വ്യക്തമാക്കിയിട്ടുണ്ട്. വിശ്വാസയോഗ്യരല്ലാത്തവരുടെ സാക്ഷ്യം അസാധുവാകുന്നു. സാക്ഷികൾ വിശ്വസ്തരാണെങ്കിലും അവരുടെ മൊഴികൾ സ്ഥലം, സമയം, കക്ഷികൾ എന്നീ വിഷയങ്ങളിൽ പരസ്പരവിരുദ്ധമാണെങ്കിൽ സ്വീകരിക്കപ്പെടുന്നതല്ല. ഇന്ന പുരുഷനും ഇന്ന സ്ത്രീയും ഇന്ന സ്ഥലത്തുവെച്ച് ഇന്ന സമയത്ത് സംഭോഗം ചെയ്യുന്നത് തങ്ങൾ നേരിൽ കണ്ടിരിക്കുന്നു എന്നാണ് സാക്ഷ്യപ്പെടുത്തേണ്ടത്. രഹസ്യസങ്കേതത്തിൽ സന്ധിക്കുന്നതോ പരസ്പരം ശൃംഗരിക്കുന്നതോ ആശ്ലേഷിക്കുന്നതോ ചുംബിക്കുന്നതോ കണ്ടുവെന്ന മൊഴി വ്യഭിചാരക്കുറ്റം സ്ഥിരപ്പെടുത്തുന്നതല്ല. ഭർത്താവില്ലാത്ത സ്ത്രീയുടെ ഗർഭം മൂലം-അവൾ അവിഹിതബന്ധം സമ്മതിക്കുകയോ നാലു ദൃക്സാക്ഷികൾ മുഖേന തെളിയുകയോ ചെയ്തിട്ടില്ലെങ്കിൽ-ഹദ്ദ് സാധുവാകുന്ന വ്യഭിചാരം സ്ഥിരപ്പെടുകയില്ല.

വ്യഭിചാരക്കുറ്റം ചെയ്തവർ അത് ഉത്തരവാദപ്പെട്ടവരുടെ മുമ്പിൽ ചെന്ന് സ്വയം ഏറ്റുപറഞ്ഞുകൊള്ളണമെന്നില്ല. അവർക്ക് വേണമെങ്കിൽ അതു രഹസ്യമാക്കിവെച്ച് ശിക്ഷാനടപടിയിൽനിന്ന് രക്ഷപ്പെടാം. ഈ കുറ്റത്തിന് ദൃക്സാക്ഷികളാകുന്നവരും ഉടനെ അത് പോലീസിനെയോ കോടതിയെയോ അറിയിക്കണമെന്ന നിർബന്ധമില്ല. വേണമെങ്കിൽ അവർക്കും അത് രഹസ്യമാക്കിവെക്കാം. ഏതു കുറ്റത്തിന്റെ പേരിലായാലും ആളുകളെ ശിക്ഷിക്കാനല്ല; രക്ഷിക്കാനാണ് സമൂഹവും ന്യായാധിപനും പഴുതുകളന്വേഷിക്കേണ്ടതെന്നാണ് ഇസ്‌ലാമിന്റെ നിലപാട്. സാക്ഷികളുടെ നിർദിഷ്ട എണ്ണത്തിലുള്ള കുറവ്, സാക്ഷിമൊഴികളിലെ വൈരുധ്യം, പ്രതികളുടെ പ്രായപൂർത്തി, സാമാന്യബുദ്ധി, സുബോധം എന്നിവയിൽ ഉറപ്പില്ലായ്മ തുടങ്ങിയ കാര്യങ്ങൾ സംശയത്തിന്റെ ആനുകൂല്യം അർഹിക്കുന്നവയാണ്. തിർമിദി ഉദ്ധരിച്ച ഒരു ഹദീസിൽ നബി(സ) പ്രസ്താവിക്കുന്നു: "ന്യായാധിപൻ ശിക്ഷയിൽ പിഴക്കുന്നതിനേക്കാൾ ഉത്തമം വിട്ടുവീഴ്ചയിൽ പിഴക്കുന്നതാകുന്നു." ഇബ്നുമാജ ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: "ശിക്ഷ ഒഴിവാക്കാൻ പഴുതുകാണുന്നിടത്തോളം നിങ്ങൾ അത് ഒഴിവാക്കണം." എന്നാൽ വ്യഭിചാരാരോപണം ഉയരുകയും നീതിമാന്മാരായ നാലു പേർ അതു നേരിൽ കണ്ടതായി ന്യായാധിപന്നുമുന്നിൽ മൊഴി

നൽകുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ ആ പ്രതികളിൽ ശിക്ഷ നടപ്പാക്കേണ്ടത് ന്യായാധിപന്റെ നിർബന്ധ ബാധ്യതയാകുന്നു. അതിൽപിന്നെ വിട്ടുവീഴ്ചക്കോ ഒത്തുതീർപ്പിനോ പഴുതില്ല. പ്രവാചകൻ (സ) പ്രസ്താവിച്ചതായി അബൂദാവൂദും നസാഈയും ഉദ്ധരിക്കുന്നു: "ശിക്ഷകളെ (حدود) നിങ്ങൾ പരസ്പരം വിട്ടുവീഴ്ച ചെയ്തുകൊള്ളുക. പക്ഷേ, ശിക്ഷാർഹമായ ഒരു കുറ്റം എന്റെ മുന്നിൽ സ്ഥിരപ്പെട്ടുകഴിഞ്ഞാൽ പിന്നെ അതു നടപ്പാക്കേണ്ടത് നിർബന്ധമായിത്തീർന്നു." ഒരാളുടെ ജോലിക്കാരൻ അയാളുടെ ഭാര്യയെ വ്യഭിചരിച്ചു. സംഗതി പുറത്തറിഞ്ഞപ്പോൾ ജോലിക്കാരന്റെ പിതാവ് നൂറ് ആടുകളെയും ഒരു അടിമപ്പെണ്ണിനെയും അവളുടെ ഭർത്താവിന് നൽകിക്കൊണ്ട് പ്രശ്നം ഒത്തുതീർപ്പാക്കാൻ ശ്രമിച്ചു. വിവരമറിഞ്ഞ നബി (സ) ജോലിക്കാരന്റെ പിതാവിനോട് അയാളുടെ ആടുകളെയും അടിമയെയും തിരിച്ചുവാങ്ങാനും തൊഴിലുടമയുടെ ഭാര്യയും ജോലിക്കാരനും കുറ്റം സമ്മതിക്കുന്നുവെങ്കിൽ ഇരുവരെയും ശിക്ഷിക്കാനും കൽപ്പിച്ചു. ഇസ്‌ലാമിന്റെ വീക്ഷണത്തിൽ ഭർത്താവിന്റേതു മാത്രമായ ഒരവകാശത്തിലുള്ള കൈകടത്തൽ മാത്രമല്ല വ്യഭിചാരം. അതു സ്വയം തന്നെ ക്രിമിനൽ കുറ്റവും മഹാപാപവുമാകുന്നു. അതുകൊണ്ടത് സാമ്പത്തിക നഷ്ടപരിഹാരം സ്വീകരിച്ച് ഒത്തുതീർപ്പാക്കാവുന്നതല്ല.

ശർഈ ശിക്ഷകൾ നടപ്പാക്കേണ്ടത് ഇസ്‌ലാമിക ഗവൺമെന്റിന്റെ മാത്രം ബാധ്യതയാണ്. കുടുംബനാഥന്മാർക്കോ ഗോത്രത്തലവന്മാർക്കോ നാട്ടുമൂപ്പർക്കോ മഹല്ലു കമ്മിറ്റികൾക്കോ മതപുരോഹിതന്മാർക്കോ ഒന്നും അതിനധികാരമില്ല.

കുറ്റം സ്ഥിരപ്പെട്ടാൽ, ചാട്ടവാറുകൊണ്ടുള്ള നൂറ് പ്രഹരമാണ് പ്രതികൾക്കുള്ള ശിക്ഷ. കൊരടാവ് കൊണ്ടോ ലോഹദണ്ഡുകൊണ്ടോ ലാത്തി കൊണ്ടോ അടിക്കാൻ പാടുള്ളതല്ല. മരത്തിന്റെ പിടിയിൽ നീണ്ട തുകൽച്ചീളോ ചരടോ ബന്ധിച്ചതാണ് ചാട്ടവാർ. ഇതുകൊണ്ട് അടിച്ചാൽ തൊലിപ്പുറം നന്നായി വേദനിക്കുമെങ്കിലും ഉള്ളിലേക്ക് പരിക്കൊന്നും പറ്റുകയില്ല. ചാട്ടയും അടിയും മിതമായ തരത്തിലുള്ളതായിരിക്കണം. മുഖത്തും മറ്റു മർമങ്ങളിലും അടി കൊള്ളാതെ നോക്കണം. തീരെ വേദനിപ്പിക്കാത്തതോ തൊലി പൊളിഞ്ഞ് മാംസം ചിതറിക്കുന്ന തരത്തിലുള്ളതോ ആയ അടിയായിരിക്കരുത്. നഗ്നനാക്കിയും, ഓടാൻ ശ്രമിക്കുന്നവരെയല്ലാതെ കെട്ടിയിട്ടും പ്രഹരിക്കുന്നത് നിരോധിച്ചിരിക്കുന്നു. കുറ്റം തെളിഞ്ഞുകഴിഞ്ഞാൽ ശിക്ഷ നടപ്പാക്കുന്നതിൽ ദാക്ഷിണ്യമൊന്നും കാണിച്ചുകൂടാ. ന്യായാധിപനും ശിക്ഷ നടപ്പാക്കാൻ നിയുക്തരാകുന്നവർക്കും ചില കുറ്റവാളികളോട് ദയയും ദാക്ഷിണ്യവും തോന്നിയേക്കാം. മാനുഷികമായ അനുകമ്പ, പ്രതിക്കു സമൂഹത്തിലുള്ള പദവി, പ്രതിയുമായുള്ള കുടുംബ ബന്ധം, സൗഹൃദബന്ധം ഇതൊക്കെയാവാം അതിന്റെ സ്രോതസ്സ്. ഇതൊന്നും പക്ഷേ ദീനീനിയമം നടപ്പാക്കുന്നതിൽ സ്വാധീനം ചെലുത്തിക്കൂടാ. അവരുടെ മുന്നിലുള്ളത് അനുകമ്പാർഹനായ പീഡിതനോ പ്രമാണിയോ ബന്ധുവോ സുഹൃത്തോ ഒന്നുമല്ല. തെളിഞ്ഞ കുറ്റവാളി മാത്രമാണ്. കുറ്റവാളിയെ ശിക്ഷിക്കുകയാണ് അവരുടെ ധർമം. ദൈവകൽപിതമായ ധർമം നിറവേറ്റുന്നതിൽ മറ്റു വികാരങ്ങൾക്കൊന്നും സ്ഥാനമുണ്ടായിക്കൂടാ. അഥവാ ഉണ്ടായാൽ അത് ദൈവിക ദീനിൽ സ്വേഛകളുടെ കൈകടത്തലാകും. അല്ലാഹുവിലും അന്ത്യനാളിലും അടിയുറച്ചുവിശ്വസിക്കുന്നവരിൽനിന്ന് അതുണ്ടായിക്കൂടാ. ഉണ്ടാവുകയാണെങ്കിൽ അവർ ഉറച്ച വിശ്വാസികളായിക്കഴിഞ്ഞിട്ടില്ലെന്നാണർഥം. പ്രതിയോടുള്ള പകയും വിദ്വേഷവും വെച്ചുകൊണ്ട് പ്രഹരം ആവശ്യത്തിലേറെ രൂക്ഷമാക്കുന്നതും ഇപ്രകാരം തന്നെ.

കുറ്റവാളികളിൽ ശിക്ഷ നടപ്പാക്കുന്നത് ആരും കാണാതെയും അറിയാതെയും രഹസ്യമായിട്ടായിരിക്കരുത്. ശിക്ഷാനടപടിക്ക് ഒരു സംഘം വിശ്വാസികൾ ദൃക്സാക്ഷികളായി ഉണ്ടായിരിക്കണം. ഈ കൽപനക്ക് രണ്ടു താൽപര്യങ്ങളുണ്ട്: ഒന്ന്, ശിക്ഷാ നിയമത്തിന് കുറ്റവാളികളെ സംസ്കരിക്കുക എന്നതിനു പുറമെ മറ്റുള്ളവരെ അത്തരം കുറ്റങ്ങളിൽ നിന്ന് അകറ്റുക എന്ന ലക്ഷ്യം കൂടിയുണ്ട്. രണ്ടും പ്രധാനമാണ്. എന്നല്ല ആദ്യത്തെ ലക്ഷ്യം അപ്രസക്തമാകുന്നിടത്തും രണ്ടാമത്തെ ലക്ഷ്യം പ്രസക്തമാകുന്നു. വധശിക്ഷക്ക് വിധേയരാകുന്നവർക്ക് സംസ്കരിക്കപ്പെടാൻ അവസരമില്ലല്ലോ. അവരെയും ശിക്ഷിക്കേണ്ടത് പരസ്യമായിട്ടാണ്. സൂറഃ *അൽമാഇദ* 38ാം സൂക്തത്തിൽ മോഷ്ടാക്കൾക്ക് കരഛേദ ശിക്ഷ വിധിച്ചപ്പോൾ അതൊരു പാഠം-نكالا-ആയിട്ടാണെന്ന് എടുത്തുപറയുന്നുണ്ട്. ശിക്ഷ പരസ്യമാകുമ്പോൾ ആളുകൾ അതു കണ്ട് സംഭീതരാവുകയും അത്തരം കുറ്റങ്ങളിൽനിന്ന് അകലം പാലിക്കുകയും ചെയ്യും. കുറ്റവാളികളെ കൽതുറുങ്കിലടച്ച് രഹസ്യമായി ഭേദ്യം ചെയ്യുന്നതുകൊണ്ട് ഈ താൽപര്യം പൂർത്തീകരിക്കപ്പെടുന്നില്ല. ശിക്ഷ നടത്തപ്പെട്ടുവെന്ന് ഉറപ്പാക്കലാണ് ഈ പരസ്യപ്പെടുത്തലിന്റെ രണ്ടാമത്തെ താൽപര്യം. ആരും കാണാതെ രഹസ്യമായി നടത്തിയാൽ മതിയെന്നു വെച്ചാൽ പണവും സ്വാധീനവുമുള്ള കുറ്റവാളികൾ ശിക്ഷയിൽനിന്ന് ഊരിച്ചാടാൻ സാധ്യതയുണ്ട്.

വ്യഭിചാരത്തിൽ മുഖ്യകർതൃത്വം പുരുഷന്നായിരുന്നിട്ടും ഖുർആൻ ആദ്യം സ്ത്രീയെ പരാമർശിച്ചതിനെ വിജ്ഞന്മാർ ഇങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നു: സ്ത്രീയുടെ സമ്മതമില്ലാതെ വ്യഭിചാരം നടക്കുന്നില്ല. സ്ത്രീയുടെ സമ്മതമില്ലാതെ നടക്കുന്നത് ബലാത്സംഗമാണ്. ബലാത്സംഗത്തിനിരയാകുന്ന സ്ത്രീ വ്യഭിചാരിണിയല്ല. സ്ത്രീ അവളുടെ സൗന്ദര്യ പ്രദർശനത്തിലൂടെയും പ്രലോഭനങ്ങളിലൂടെയും പുരുഷനെ മോഹിപ്പിക്കുകയും പരോക്ഷമായി വേഴ്ചക്ക് ക്ഷണിക്കുകയുമാണ് പലപ്പോഴും. വേശ്യാവൃത്തി തൊഴിലായി സ്വീകരിക്കുന്നതും സ്ത്രീകളാണ്. അതിനുവേണ്ടി പ്രത്യേകം അടയാളപ്പെടുത്തിയ കെട്ടിടങ്ങളും തെരുവുകളും സ്ഥാപിച്ചു നടത്തുന്നതും അവർ തന്നെ.

വ്യഭിചാരക്കുറ്റം സ്ഥാപിതമാവൽ, ശിക്ഷ സ്ഥിരപ്പെടുന്ന പ്രതികൾ, സാക്ഷികൾ, സാക്ഷി മൊഴികൾ, ശിക്ഷ നടപ്പാക്കുന്ന രീതി തുടങ്ങിയ വിഷയങ്ങളിൽ ഇസ്‌ലാമിക പണ്ഡിതന്മാർ നിർദേശിച്ച ഏറ്റവും ആധികാരികവും പ്രബലവുമായ നിബന്ധനകളാണ് മുകളിൽ സൂചിപ്പിച്ചത്. വ്യഭിചാരത്തിന്റെ നിർവചനം മുതൽ കുറ്റവാളികളെ പ്രഹരിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ വരെയുള്ള കാര്യങ്ങളിൽ പൂർവിക പണ്ഡിതന്മാർക്കിടയിൽ ഭിന്നതകളുണ്ട്. മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റെ *തഫ്ഹീമുൽ ഖുർആനിൽ* പ്രകൃത സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ അതെല്ലാം സവിസ്തരം വിശദീകരിച്ചതുകാണാം.

വൈദിക മതങ്ങളും വിഗ്രഹ മതങ്ങളും ഒരുപോലെ ശക്തിയായി വിലക്കിയിട്ടുള്ള ദുരാചാരമാണ് വ്യഭിചാരം. ഇസ്‌ലാമിന്റെ വ്യഭിചാര നിരോധനത്തിനു മൂന്നു മാനങ്ങളുള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു: 1) സാമൂഹിക ബന്ധങ്ങളുടെ ഭദ്രത. വംശത്തിന്റെ നിലനിൽപ്പിന് ലൈംഗിക വൃത്തി അനിവാര്യമാകുന്നു. ജീവജാലങ്ങൾ ഈ ധർമം സ്വയംപ്രേരിതരായി അനുഷ്ഠിക്കുന്നതിനു വേണ്ടിയാണ് പ്രകൃതി അതിനെ ആകർഷകവും ആനന്ദകരവുമാക്കി വെച്ചിരിക്കുന്നത്. ജീവന്റെ നിലനിൽപ്പിന് ഭക്ഷണമെന്ന പോലെയാണ് വംശത്തിന്റെ നിലനിൽപ്പിന് ലൈംഗികത. രണ്ടിലും ചില നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കപ്പെടേണ്ടതുണ്ട്. ഇല്ലെങ്കിൽ രണ്ടും ഹാനികരമായിത്തീരും. വൃത്തികെട്ടതും നിഷിദ്ധവുമായ ഭോജ്യം ഒരു വശത്ത് ആരോഗ്യത്തെയും മറുവശത്ത് സാമൂഹിക ബന്ധങ്ങളെയും ഹനിക്കുന്നു. ഇതുതന്നെയാണ് ലൈംഗികതയുടെയും അവസ്ഥ. സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണ് കുടുംബം. നിയമവിധേയവും സംശുദ്ധവുമായ ലൈംഗിക ബന്ധങ്ങളിലൂടെയാണ് ഭദ്രമായ കുടുംബം രൂപപ്പെടുന്നത്. ഭദ്രമായ കുടുംബങ്ങളുടെ സമുച്ചയമാണ് ഭദ്രമായ സമൂഹം. ഭദ്രമായ സമൂഹങ്ങളുടെ സമുച്ചയമാണ് ഭദ്രമായ മാനവ ലോകം. കുത്തഴിഞ്ഞ ലൈംഗിക ബന്ധങ്ങൾ കുടുംബവ്യവസ്ഥയെ തകർക്കുന്നു. സമൂഹ ബന്ധങ്ങൾ ശിഥിലമാക്കുന്നു. സമൂഹത്തിൽനിന്ന് ധാർമിക സദാചാര മൂല്യങ്ങൾ തിരസ്കൃതമാകുന്നു. മനുഷ്യർ തിര്യക്കുകളെപ്പോലെ എന്തും എങ്ങനെയും ഭുജിക്കാനും ഭോഗിക്കാനും തയാറാകുന്നു. മാനവിക സംസ്കാരത്തിന്റെ അപചയമാണതിന്റെ ആത്യന്തിക പരിണതി. സദാചാര മൂല്യങ്ങൾ ശോഷിച്ചുവരുന്ന സമകാലീന ലോകത്തിന്റെ ഗതി അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അനിയന്ത്രിതവും അരാജകവുമായ ലൈംഗികത സൃഷ്ടിക്കുന്ന ആരോഗ്യഹാനിയെക്കുറിച്ച്, എയിഡ്സ് രോഗത്തിന് ഔഷധം കണ്ടെത്താൻ പരക്കം പായുന്ന ആധുനിക ലോകത്ത് ആരെയും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

ഇങ്ങനെയൊക്കെയാണെങ്കിലും വ്യഭിചാരത്തെ ക്രിമിനൽ കുറ്റമായി പരിഗണിക്കുന്നതിനെ എതിർക്കുന്ന പ്രവണതയാണ് ആധുനിക ലോകത്ത് പ്രചാരം നേടിവരുന്നത്. ഒരാൾ ആരുമായി ശയ്യ പങ്കിടുന്നുവെന്നത് അയാളുടെ വ്യക്തിസ്വാതന്ത്ര്യമാണ്. സമൂഹമോ സർക്കാറോ അതിൽ ഇടപെടാൻ പാടില്ല. ബലാത്സംഗം മാത്രമേ, അതിൽ ഒരു കക്ഷിയുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നതിനാൽ കുറ്റകരമാകുന്നുള്ളൂ. ഉഭയസമ്മതപ്രകാരമുള്ള ലൈംഗിക വൃത്തി ദമ്പതികൾ തമ്മിലുള്ള ലൈംഗിക വൃത്തി പോലെ തന്നെ അനുവദിക്കപ്പെടേണ്ടതാണ്. വേശ്യാവൃത്തി സ്ത്രീകൾ തെരഞ്ഞെടുക്കുന്ന ഒരു തൊഴിലാണ്. തൊഴിൽ തെരഞ്ഞെടുക്കാനും ചെയ്യാനുമുള്ള സ്വാതന്ത്ര്യം അവർക്കുമുണ്ടായിരിക്കണം. ഇങ്ങനെയൊക്കെയാണ് ഇക്കാലത്ത് ഉയർന്നുകേൾക്കുന്ന വാദഗതികൾ. വാസ്തവത്തിൽ അവിഹിത വേഴ്ച വ്യക്തികളുടെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമേയല്ല; സ്വാതന്ത്ര്യത്തിന്റെ ഗുരുതരമായ ദുരുപയോഗത്തിന്റെ പ്രശ്നമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ആരോഗ്യത്തിനും ജീവന്നും ആപത്തണക്കുകയും സാമൂഹികബന്ധങ്ങൾ ശിഥിലീകരിക്കുകയും ധാർമിക സദാചാരമൂല്യങ്ങൾ തകർക്കുകയും ചെയ്യുന്ന ഒരു നടപടിക്കും വ്യക്തിസ്വാതന്ത്ര്യം ന്യായമാകുന്നില്ല. വ്യക്തിയുടെ നിരുപാധികമായ സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിനു വേണ്ടി തന്നെയാണ് സമൂഹം നീതിന്യായ വ്യവസ്ഥയും ശിക്ഷാ നിയമങ്ങളും സംവിധാനിക്കുന്നത്.

ഈ സൂക്തത്തിലെ പദങ്ങളുടെ പ്രത്യക്ഷാർഥം എല്ലാ വിധ വ്യഭിചാരികളെയും വ്യഭിചാരിണികളെയും സാമാന്യമായി ഉൾക്കൊള്ളുന്നു. പക്ഷേ പണ്ഡിതന്മാർ ഇക്കാര്യത്തിൽ ചില നിബന്ധനകൾ നിർദേശിച്ചിരിക്കുന്നു. ഇപ്പറഞ്ഞ ശിക്ഷയുള്ളത് മുസ്‌ലിംകളായ വ്യഭിചാരികൾക്ക് മാത്രമാണെന്നാണ് ഒരഭിപ്രായം. ഈമാനിലൂടെ മുസ്‌ലിംകളിൽ ഉളവാകുന്ന സവിശേഷമായ ധാർമിക സദാചാര ബോധത്തിൽനിന്ന് മുക്തരാകയാൽ അമുസ്‌ലിംകൾ ഈ ശിക്ഷയർഹിക്കുന്നില്ല എന്നാണവരുടെ ന്യായം. ഇസ്‌ലാമിക നിയമ വ്യവസ്ഥ നിലവിലുള്ള മുസ്‌ലിം രാജ്യത്തെ മുസ്‌ലിം പൗരന്മാർക്കും അമുസ്‌ലിം പൗരന്മാർക്കും ഒരുപോലെ അവിടത്തെ ക്രിമിനൽ നിയമം ബാധകമാകുന്നുവെന്നാണ് മറ്റൊരു വിഭാഗത്തിന്റെ വാദം. നബി(സ)യുടെ കാലത്തും ഖുലഫാഉർറാശിദീന്റെ കാലത്തും വ്യഭിചാരക്കുറ്റം ചുമത്തപ്പെട്ട അമുസ്‌ലിംകൾ മുസ്‌ലിംകളെപ്പോലെ ശിക്ഷിക്കപ്പെട്ടതായി അവർ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ക്രിമിനൽ നിയമങ്ങൾ വ്യക്തിനിയമങ്ങളുടെ പരിധിയിൽ പെടുകയില്ല. മുസ്‌ലിം രാജ്യത്തെ അമുസ്‌ലിംകളിൽ ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ രാജ്യത്തിന്റെ പൊതു താൽപര്യം പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാൻ അതതു ഗവൺമെന്റുകൾക്ക് അനുവാദമുണ്ടെന്ന വീക്ഷണമാണ് കൂടുതൽ യുക്തമായിട്ടുള്ളത്.

■

(ഈ ആയത്തിന്റെ വിശദീകരണം
അടുത്ത ലക്കത്തിൽ തുടരും)